## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1452**

**21.03.2012-ൽ**
**മറുപടിയ്ക്ക്**

### മലയോര വികസന ഏജൻസിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി**<br>**ശ്രീ. പി.സി.വിഷ്ണുനാഥ്**<br>**ശ്രീ. വി.പി.സജീന്ദ്രൻ** | **ശ്രീ. കെ. സി. ജോസഫ്**<br>**ഗ്രാമ വികസനവും ആസൂത്രണവും**<br>**സാംസ്കാരികവും വകുപ്പ് മന്ത്രി** |
| (എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) 14/11/2011- ലെ ജി.ഒ.(എം.എസ്സ്) 60/ 2011/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം മലയോരവികസന ഏജൻസി രൂപികരിച്ചു. ഏജൻസിയുടെ ഭരണനിർവ്വഹണത്തിനായുള്ള ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ഘടന നിഷ്കർഷിച്ച് 26.11.2011-ലെ ജി.ഒ.(എം.എസ്)62/11/ പ്ലാനിംഗ് പ്രകാരം ഉത്തരവായിട്ടുണ്ട്. ഏജൻസിയുടെ ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി 04.02.12-ൽ കൂടിയ മീറ്റിംഗിൽ ഏജൻസിയുടെ സുഗമമായ നടത്തിപ്പിന് ഒരു സ്പെഷ്യൽ ഓഫീസറെ ഗ്രാമ വികസന വകുപ്പിൽനിന്നും നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഏജൻസി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കുമെന്നും വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാനത്തെ 31 താലൂക്കുകൾ ഉൾപ്പെടുന്ന 28000 sq കിലോമീറ്റർ മലയോര പ്രദേശത്തിന്റെ (600 മീറ്റർ കോണ്ടൂരിന് മുകളിലുള്ള സ്ഥലം) വികസനമാണ് ഏജൻസി ലക്ഷ്യമാക്കിയിരിക്കുന്നത്. പ്രസ്തുത പ്രദേശത്തെ മുഖ്യ പ്രശ്നങ്ങൾ കണ്ടെത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പശ്ചിമഘട്ട വികസന സെൽ, AHADS, മറ്റു |

സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരം കാണുവാനാണ് ഉദ്ദേശിക്കുന്നത്. ഏജൻസിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കും.

| | |
|---|---|
| (സി) ഏജൻസിയുടെ ബൈലോ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | സി) അംഗീകരിച്ചിട്ടുണ്ട്. |

Sheela. H

സെക്ഷൻ ഓഫീസർ